# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 377 — 17.12.2014 -ൽ മറുപടിക്ക്

## റൂബെല്ലാ വാക്സിനേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ :<br>,, പി. കെ. ഗുരുദാസൻ :<br>ഡോ. കെ. ടി. ജലീൽ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കുന്ന റൂബെല്ലാ വാക്സിനേഷൻ പരിപാടിയുടെ വിശദാംശം അറിയിക്കാമോ ; | (എ) റൂബെല്ലാ എന്ന രോഗം ഗർഭിണികൾക്ക് വന്നാൽ ഗർഭസ്ഥശിശുവിന് വൈകല്യമുണ്ടാകാനുള്ള സാധ്യതയേറെയാണ്. ഇത് പ്രതിരോധിക്കുവാനായി റൂബെല്ലാ വാക്സിൻ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സ്കൂൾ തലത്തിൽ 2013-2014 -ൽ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി.2013-2014 വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 9, 10, 11, 12 എന്നീ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 205000 (രണ്ടു ലക്ഷത്തി അയ്യായിരം) പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിൻ സാമൂഹ്യനീതി, വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നൽകിയിട്ടുണ്ട്. 2014-2015 ലും ഈ പദ്ധതി തുടരുന്നുണ്ട്. |
| (ബി) പ്രസ്തുത പരിപാടി മറ്റ് ഏതൊക്കെ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടെന്ന് അറിയാമോ ; ഇത് നടപ്പാക്കാനുള്ള തീരുമാനത്തിലെത്തിയത് ഏത് ഏജൻസിയുടെ നിർദ്ദേശ പ്രകാരമാണ് ; എന്തൊക്കെ കാര്യങ്ങൾ പരിഗണിച്ചിരുന്നു ; എത്ര തുക ഇതിനായി നീക്കി വെച്ചിട്ടുണ്ടെന്നും അറിയിക്കാമോ ; | (ബി) റൂബെല്ലാ വാക്സിനേഷൻ പരിപാടി ഇപ്പോൾ ഏതൊക്കെ സംസ്ഥാനത്ത് നടപ്പാക്കുന്നു എന്നുള്ള വിവരം ലഭ്യമല്ല. സാമൂഹ്യനീതി, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കുന്ന സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസ്എബിലിറ്റീസ് എന്ന പദ്ധതിയുടെ വിദഗ്ദ്ധസമിതിയുടെ നിർദ്ദേശപ്രകാരമാണ് ഇത് നടപ്പിലാക്കിയത്. വൈകല്യം തടയുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇത് നടപ്പിലാക്കിയത്. എം.എം.ആർ, റൂബെല്ല എന്നീ വാക്സിനുകൾക്കും, ഈ പരിപാടിയുടെ പ്രചരണത്തിനുമായി യഥാക്രമം 5,02,42,920 (അഞ്ചു കോടി രണ്ടു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്) രൂപയും, 30,00,39,180 (മുപ്പത് കോടി മുപ്പത്തി ഒൻപതിനായിരത്തി നൂറ്റി എൺ പത്) രൂപയും 1,92,00,000 (ഒരു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്. |

(....2)

(സി) ആൺ-പെൺ ഭേദമന്യേ സംസ്ഥാനത്തെ എല്ലാ ശിശുക്കൾക്കും നൽകി വരുന്ന എം.എം.ആർ പ്രതിരോധ മരുന്ന് റൂബെല്ലാ രോഗത്തിനുള്ള പ്രതിരോധത്തിന് കൂടിയുള്ളതാണെന്നും അത് ഫലപ്രദമാണെന്നും വ്യക്തമാക്കിയിട്ടുള്ള പശ്ചാത്തലത്തിൽ ഇപ്പോൾ നടപ്പാക്കുന്ന റൂബെല്ലാ വാക്സിനേഷന്റെ പ്രസക്തിയും ഉദ്ദേശ്യവും വ്യക്തമാക്കാമോ ?

(സി) സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസ്എബിലിറ്റീസിന്റെ ഭാഗമായി 1½ വയസുള്ള കുട്ടികൾക്ക് എം.എം.ആർ. വാക്സിനും, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷനും 2013-2014 സാമ്പത്തിക വർഷം മുതലാണ് നൽകുവാൻ ആരംഭിച്ചത്. ആയതിനാൽ ഇപ്പോൾ റൂബെല്ലാ വാക്സിനേഷൻ എടുക്കുന്ന കൗമാര പ്രായക്കാരായ പെൺകുട്ടികൾ അവരുടെ ചെറുപ്പത്തിൽ എം.എം.ആർ. വാക്സിനേഷൻ എടുക്കുന്ന പദ്ധതി നിലവിലില്ലാത്തതിനാൽ അത് എടുത്തിട്ടുണ്ടാവില്ല. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായാണ് കൗമാരപ്രായക്കാർക്ക് ഇപ്പോൾ റൂബെല്ലാ വാക്സിനേഷൻ നൽകി വരുന്നത്. ഇനിയും 11 വർഷക്കാലത്തേയ്ക്കാണ് കൗമാര പ്രായക്കാർക്ക് ഇത്തരത്തിൽ റൂബെല്ലാ വാക്സിനേഷൻ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ